പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2757

06.02.2018-ലെ മറുപടി

## കുടിവെള്ള വിതരണ സംവിധാനം സ്മാർട്ട് ആക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**,, കെ.മുരളീധരൻ**<br>**,, എം.വിൻസെന്റ്**<br>**,, അനൂപ് ജേക്കബ്** | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ കടിവെള്ള വിതരണ സംവിധാനം സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>1. ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.<br>2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.<br>3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.<br>4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.<br>5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.<br>6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.<br>7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക. |

| | | | |
|---|---|---|---|
| | | | 8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS (Geographical Information System) മാപ്പ് തയ്യാറാക്കുക.<br>9. ഐ.റ്റി അധിഷ്ഠിത എം.ഐ.എസ് (Management Information System) ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി) ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതി കേന്ദ്ര നഗരവികസന മന്ത്രാലയം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായുള്ള ധനസഹായം ഏത് ഏജൻസിയിൽ നിന്നാണ് ലഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | | |
| (ഡി) | നിലവിലുള്ള മീറ്ററുകൾ ഈ പദ്ധതി പ്രകാരം മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ നിലവിലുള്ള മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുമ്പോൾ, നിലവിലുള്ള മീറ്റർ റീഡർ തസ്തിക നിർത്തലാക്കേണ്ടിവരുമോ എന്ന് വെളിപ്പെടുത്തുമോ? | (ഇ) | 5% മീറ്ററുകൾ മാത്രമേ സ്മാർട്ട് മീറ്ററുകൾ ആക്കി മാറ്റുന്നുള്ളൂ. മീറ്റർ റീഡർ തസ്തിക നിർത്തലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ